# ഖുർആൻ ബോധനം

**601**

**എ.വൈ.ആർ**

സൂറ-12

# യൂസുഫ്

حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓا۟ أَنَّهُمْ قَدْ كُذِبُوا۟ جَآءَهُمْ نَصْرُنَا فَنُجِّىَ
مَن نَّشَآءُ ۖ وَلَا يُرَدُّ بَأْسُنَا عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١١٠﴾

**110** പൂർവ ദൂതന്മാരെയും ജനം തള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു. എത്രത്തോളമെന്നാൽ, ആ ദൈവദൂതന്മാർ അവരുടെ ജനത്തിന്റെ മാനസാന്തരത്തിൽ ആശയറ്റവരാവുകയും തങ്ങളോട് കളവ് പറയപ്പെട്ടുവെന്ന് ജനത്തിന് തോന്നിത്തുടങ്ങുകയും ചെയ്യുന്നതുവരെ. അപ്പോൾ ദൈവദൂതന്മാർക്ക് നമ്മുടെ സഹായമെത്തി. ഇത്തരം സന്ദർഭങ്ങളുണ്ടാകുമ്പോൾ, നാം ഇഛിക്കുന്നവരെ അങ്ങനെ രക്ഷിക്കുന്നു. എന്നാൽ ധർമധിക്കാരികളായ ജനത്തിൽനിന്ന് നമ്മുടെ ശിക്ഷ ഒരു വിധത്തിലും തട്ടിമാറ്റപ്പെടുന്നതല്ല.

لَقَدْ كَانَ فِى قَصَصِهِمْ عِبْرَةٌ لِّأُو۟لِى ٱلْأَلْبَٰبِ ۗ مَا كَانَ حَدِيثًا يُفْتَرَىٰ وَلَٰكِن
تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَىْءٍ وَهُدًى وَرَحْمَةً لِّقَوْمٍ
يُؤْمِنُونَ ﴿١١١﴾

**111** പൂർവ സമുദായങ്ങളുടെ ഈ കഥകളിൽ സൽബുദ്ധിയുള്ളവർക്ക് തീർച്ചയായും പാഠമുണ്ട്. ഇതൊന്നും കെട്ടിച്ചമച്ച വ്യാജവാർത്തകളല്ല. പ്രത്യുത ഇതിനു മുമ്പുള്ള വേദപ്രവചനങ്ങളെ സാക്ഷാത്കരിക്കുന്നതും സകല സംഗതികളും വിശദീകരിക്കുന്നതും സത്യം സ്വീകരിക്കുന്ന ജനത്തിന് സന്മാർഗ ദർശകവും അനുഗ്രഹവുമാകുന്നു.

حَتَّىٰٓ= വരെ (പൂർവ പ്രവാചകന്മാരെയും ജനംതള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു എത്രത്തോളമെന്നാൽ)
إِذَا ٱسْتَيْـَٔسَ ٱلرُّسُلُ= (ജനത്തിന്റെ മാനസാന്തരത്തിൽ ആശയറ്റവരാവുകയും) (ദൈവ)ദൂതന്മാർ ആശയറ്റപ്പോൾ
وَظَنُّوٓا۟= (ജനത്തിന്നു തോന്നിത്തുടങ്ങുകയും ചെയ്യുന്നതുവരെ) അവർ ഭാവിച്ചു أَنَّهُمْ= എന്തെന്നാൽ അവർ(തങ്ങളോട്)
قَدْ كُذِبُوا۟= (എന്ന്) കളവു പറയപ്പെട്ടു جَآءَهُمْ= അപ്പോൾ അവ(ദൈവദൂതന്മാ)ർക്ക് വന്നെത്തി نَصْرُنَا= നമ്മുടെ സഹായം
فَنُجِّىَ= അങ്ങനെ നാം രക്ഷിക്കുന്നു (ഇത്തരം സന്ദർഭങ്ങളുണ്ടാകുമ്പോൾ) مَن نَّشَآءُ= നാം ഇഛിക്കുന്നവരെ
وَلَا يُرَدُّ= തട്ട(തട്ടിമാറ്റ)പ്പെടുന്നതല്ല (ഒരു വിധത്തിലും) بَأْسُنَا= നമ്മുടെ ശിക്ഷ
عَنِ ٱلْقَوْمِ ٱلْمُجْرِمِينَ= കുറ്റവാളികളായ ജനത്തിൽനിന്ന് (ധർമധിക്കാരികളായ)
لَقَدْ كَانَ فِى قَصَصِهِمْ= ഉ(ണ്ട്)ണ്ടായിരുന്നു പൂർവ സമുദായങ്ങളുടെ ഈ കഥകളിൽ عِبْرَةٌ= പാഠം
لِّأُو۟لِى ٱلْأَلْبَٰبِ= (സൽ)ബുദ്ധിയുള്ളവർക്ക് مَا كَانَ حَدِيثًا= (ഇത് ഒന്നും) വാർത്തകളാ(ല്ല)യിട്ടില്ല
يُفْتَرَىٰ= കെട്ടിച്ചമക്കപ്പെടുന്ന(വ്യാജമായ) وَلَٰكِن= പ്രത്യുത
تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ= (മുമ്പുള്ള വേദപ്രവചനങ്ങളെ സാക്ഷാത്കരിക്കുന്നതും) അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തൽ
وَتَفْصِيلَ= (വിശദീകരിക്കുന്നതും) വിശദീകരിക്കലും كُلِّ شَىْءٍ= സകല സംഗതിക(ളെയും)ളുടെയും
وَهُدًى= സന്മാർഗ ദർശകവും وَرَحْمَةً= കാരുണ്യവും, അനുഗ്രഹവും لِّقَوْمٍ يُؤْمِنُونَ= വിശ്വാസി(സത്യം സ്വീകരി)ക്കുന്ന ജനത്തിന്ന്

**110:** മുൻ സൂക്തത്തിലെ وَمَآ أَرْسَلْنَا......مِّنْ أَهْلِ ٱلْقُرَىٰٓ എന്ന വാക്യത്തിന്റെ അനുബന്ധവും സത്യനിഷേധികളുടെ ഒരു വെല്ലുവിളിക്കുള്ള മറുപടിയുമാണിത്. പ്രവാചകന്മാർ ആഗതരാകുമ്പോൾ ഉടനെ സമൂഹം ഒന്നടങ്കം അവരെ സ്വാഗതം ചെയ്യാറില്ല. ബഹുജനങ്ങൾ അവരെ എതിർക്കുകയും അക്രമങ്ങൾക്കിരയാക്കുകയും തന്നെയാണ് പണ്ടും ഉണ്ടായിട്ടുള്ളത്. പ്രവാചകനെ ധിക്കരിക്കുന്നതിന്റെ പരിണതി നാശമാണെന്ന് പറയുമ്പോൾ, 'എങ്കിൽ ആ നാശം വേഗമൊന്നിങ്ങു കൊണ്ടുവന്നാട്ടെ, ഞങ്ങളൊന്ന് കാണട്ടെ' എന്ന് നിങ്ങൾ വെല്ലുവിളിക്കുന്നുണ്ടല്ലോ. ജനപദങ്ങളെ ശിക്ഷിക്കുന്നതിന് അല്ലാഹുവിന് ചില നടപടിക്രമങ്ങളുണ്ട്. അക്കാര്യത്തിൽ അവന് ധൃതിയൊന്നുമില്ല. അവൻ പ്രവാചകന്മാരെ നിയോഗിച്ച് തന്റെ ന്യായം പൂർത്തിയാക്കുന്നു. അത് ശ്രദ്ധിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാതെ ജനം ദൈവധിക്കാരത്തിലും അധർമത്തിലും മുന്നേറുമ്പോൾ അവരുടെ സത്യവിശ്വാസത്തിലും സന്മാർഗത്തിലും പ്രവാചകന്മാർ നിരാശരാകുന്നു. താക്കീത് ചെയ്യപ്പെട്ട ദൈവശിക്ഷ വൈകുന്നത് കണ്ട്, പ്രവാചകന്മാർ തങ്ങളെ വെറുതെ വിരട്ടുകയായിരുന്നുവെന്ന് കരുതി ജനങ്ങൾ നിഗളിക്കുന്നു. ഈ അവസ്ഥയിലായിരിക്കും ശിക്ഷയുടെ വരവ്. അപ്പോൾ കുറ്റവാളികളായ സമൂഹത്തിന് അതിൽനിന്ന് രക്ഷപ്പെടാൻ ഒരു മാർഗവുമുണ്ടായിരിക്കുകയില്ല. പ്രവാചകനും അനുയായികളുമാകട്ടെ ദൈവസഹായത്താൽ രക്ഷിക്കപ്പെടുകയും ചെയ്യും. സൂറ *അൽബഖറ* 214–ാം സൂക്തത്തിൽ വിശ്വാസികളെ ഇപ്രകാരമുണർത്തുന്നുണ്ട്.

أَمْ حَسِبْتُمْ أَن تَدْخُلُوا۟ ٱلْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ ٱلَّذِينَ خَلَوْا۟ مِن قَبْلِكُم ۖ مَّسَّتْهُمُ ٱلْبَأْسَآءُ وَٱلضَّرَّآءُ وَزُلْزِلُوا۟ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ ۗ أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ

(അല്ല, നിങ്ങൾ സ്വർഗത്തിലങ്ങ് പ്രവേശിച്ചുകളയാമെന്ന് വിചാരിക്കുന്നുവോ; പൂർവികരായ സത്യവാഹകരെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചിട്ടില്ലാതിരിക്കെ? പീഡകളും വിപത്തുകളും അവരെ ബാധിച്ചു. അതത് കാലത്തെ ദൈവദൂതന്മാരും കൂടെയുള്ള വിശ്വാസികളും 'ദൈവസഹായം ഇനി എപ്പോഴാണ് വന്നെത്തുക?' എന്നു വിലപിക്കുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പോൾ അവരോടരുളപ്പെട്ടു: അറിയുവിൻ, ദൈവസഹായം ആസന്നമായിരിക്കുന്നു).

താൽപര്യമിതാണ്: അവിശ്വാസികളുടെ അക്രമ മർദനങ്ങൾ വർധിക്കുന്നത് കണ്ട് അവരുടെ സത്യവിശ്വാസത്തിലും സന്മാർഗത്തിലും ആശയറ്റ് പ്രവാചകന്മാരും വിശ്വാസികളും തങ്ങൾക്ക് ദൈവസഹായം കിട്ടാതെ തുടച്ചു നീക്കപ്പെടുമോ എന്ന് ഭയപ്പെടേണ്ടതില്ല. ശിക്ഷവരാൻ വൈകുന്നത് കണ്ട് പ്രവാചകന്മാർ തങ്ങളെ താക്കീത് ചെയ്തിരുന്നതൊക്കെ കേവലം കള്ളങ്ങളായിരുന്നുവെന്ന് അവിശ്വാസികളും കരുതേണ്ട. രണ്ടും–ദൈവസഹായവും ശിക്ഷയും– അവയുടെ നിശ്ചിത സമയങ്ങളിൽ വന്നെത്തുകതന്നെ ചെയ്യും. ഇപ്പോഴത്തെ താമസം രണ്ടു കൂട്ടർക്കുമുള്ള പരീക്ഷണമാണ്. വിശ്വാസികൾക്ക് വിശ്വാസദാർഢ്യത്തിന്റെയും ക്ഷമയുടെയും പരീക്ഷണം. അതിൽ എത്രകണ്ട് വിജയിക്കുന്നുവോ അത്ര കണ്ട് അവരുടെ പരിണതി ശോഭനമായിരിക്കും. അവിശ്വാസികൾ വീണ്ടുവിചാരത്തിനും ധർമമാർഗത്തിലേക്ക് മടങ്ങാനും സന്നദ്ധരാകുമോ എന്ന് പരീക്ഷിക്കപ്പെടുന്ന അവസരം. അതിലുണ്ടാകുന്ന പരാജയം അവരുടെ അന്ത്യം കൂടുതൽ ദുരിതമയവും ഭയാനകവുമാക്കുന്നു.

إِذَا ٱسْتَيْـَٔسَ ٱلرُّسُلُ (പ്രവാചകന്മാർ നിരാശരായാൽ) എന്ന വാക്യം ചിലരിൽ ഒരു ചോദ്യമുണർത്തുന്നു: പ്രവാചകന്മാർ നിരാശരാകുമോ? സത്യനിഷേധികളേ നിരാശരാകൂ– إِنَّهُۥ لَا يَا۟يْـَٔسُ مِن رَّوْحِ ٱللَّهِ إِلَّا ٱلْقَوْمُ ٱلْكَٰفِرُونَ എന്ന് ഈ സൂറയുടെ 87–ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതാണ് ചോദ്യം. ഇതിന് മറുപടിയായി ٱسْتَيْـَٔسَക്ക് നിരാശ തേടി എന്നും അർഥമുണ്ട്, ഇവിടെ അതാണുദ്ദേശ്യം എന്ന് ചിലർ പറയുന്നു. അതായത്, പ്രവാചകന്മാർ നിരാശപ്പെട്ടു എന്നല്ല, നിരാശപ്പെടാവുന്ന സാഹചര്യമുണ്ടായി, നിരാശയോടടുത്തു എന്നാണ് പറഞ്ഞിരിക്കുന്നത്. ٱلرُّسُلُ കൊണ്ടുദ്ദേശ്യം പ്രവാചകന്മാരല്ല, പ്രവാചകന്മാരുടെ അനുയായികളാകുന്നു എന്നും ഒരഭിപ്രായമുണ്ട്. ഈ രണ്ടഭിപ്രായവും ബാലിശമായിട്ടാണ് തോന്നുന്നത്. 87–ാം സൂക്തം പറയുന്നത് പ്രവാചകന്മാർ മാത്രമല്ല വിശ്വാസികളും അല്ലാഹുവിന്റെ കാരുണ്യത്തിൽ –مِن رَّوْحِ ٱللَّهِ– നിരാശപ്പെടുകയില്ല എന്നാണ്. ഇവിടെ പ്രവാചകന്മാരുടെ നിരാശയെ ബന്ധിപ്പിക്കുന്നത് ദൈവകാരുണ്യത്തോടല്ല, മറിച്ച് ജനങ്ങളുടെ സത്യവിശ്വാസത്തോടാണ്. ഈ ലോകത്ത് മനുഷ്യൻ പലപ്പോഴും വീണ്ടെടുക്കാനാവാത്ത നഷ്ടങ്ങൾക്ക് വിധേയനാകും. നല്ല വിള പ്രതീക്ഷിച്ചിരുന്ന കൃഷി ആകസ്മികമായ വെള്ളപ്പൊക്കം കൊണ്ടും വരൾച്ചകൊണ്ടും നശിച്ചുപോകും. തനിക്കു താങ്ങും തണലുമാകുമെന്ന് പ്രതീക്ഷിച്ചിരുന്ന മക്കൾ മരിച്ചുപോകാം. ഇതിലൊന്നും പിന്നീട് ആശ പുലർത്തിയിട്ട് കാര്യമില്ല. അത്തരം നൈരാശ്യങ്ങൾക്ക് വിധേയനാകുമ്പോഴും അല്ലാഹുവിന്റെ കാരുണ്യത്തിലും സംരക്ഷണത്തിലുമുള്ള ആശയും പ്രതീക്ഷയും വിശ്വാസിയോടൊപ്പമുണ്ടായിരിക്കും. അതവനെ സമാശ്വസിപ്പിക്കുകയും മുന്നോട്ട് നയിക്കുകയും ചെയ്യും. ദൈവസഹായത്തിലുള്ള ഈ ആശയും പ്രതീക്ഷയും കൈവിടുകയാണ് വിശ്വാസികളിൽനിന്നുണ്ടായിക്കൂടാത്ത, അല്ലാഹുവിന്റെ സഹായത്തിലും കാരുണ്യത്തിലും നിരാശപ്പെടൽ. ഇവിടെ പരാമർശിക്കുന്ന നൈരാശ്യം വിശ്വാസികളുടേതായാലും പ്രവാചകന്മാരുടേതായാലും ദൈവ കാരുണ്യത്തിലുള്ള നൈരാശ്യമല്ല. സത്യനിഷേധികളുടെ വിദ്വേഷവും അക്രമവും നാൾക്കുനാൾ വർധിച്ചുവരുന്നത് കണ്ടപ്പോൾ അവരുടെ സത്യവിശ്വാസത്തിലും സന്മാർഗത്തിലും പ്രബോധകന്മാർക്കുണ്ടായ നൈരാശ്യാണ്.

ഈ സൂക്തം വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ദൂതന്മാർ(ٱلرُّسُلُ) കൊണ്ടുദ്ദേശ്യം ആരാണെന്നും ظَنُّوٓا۟ (അവർ കരുതി) എന്ന ക്രിയയിലെയും كُذِبُوا۟(അവരോട് കളവ് പറയപ്പെട്ടു) എന്ന ക്രിയയിലെയും 'അവർ' ആരാണെന്നും മനസ്സിലാക്കുന്നതിലുള്ള ഭിന്നതകളാണതിനുകാരണം. ٱلرُّسُلُ യഥാർഥ ദൈവദൂതന്മാരാണെന്നും അല്ല, നേരത്തെ സൂചിപ്പിച്ച പോലെ ദൈവദൂതന്മാരുടെ ശിഷ്യരാണെന്നുമാണ് ഒരു തർക്കം. ظَنُّوٓا۟ വിന്റെ കർത്താവും كُذِبُوا۟ വിന്റെ കർമവും, പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ പ്രബോധിത ജനമാണെന്നും അതല്ല, പ്രബോധനം സ്വീകരിച്ച വിശ്വാസികളാണെന്നുമാണ് മറ്റൊരു തർക്കം. كُذِبُوا۟ വിന് كُذِّبوا (അവർ കളവാക്കപ്പെട്ടു, തള്ളിപ്പറയപ്പെട്ടു) എന്നൊരു പാഠഭേദവുമുണ്ട്. ഈ പാഠം സ്വീകരിക്കുമ്പോൾ അതിലെ കർമം പ്രവാചകന്മാരോ അദ്ദേഹത്തിൽ വിശ്വസിച്ചവരോ തന്നെയാണെന്നതിൽ തർക്കമില്ല. പക്ഷേ, കൂടുതൽ പ്രബലവും പ്രചുരവുമായ പാഠം كُذِبُوا۟ തന്നെയാണ്. كُذِبُوا۟ എന്ന പാഠമനുസരിച്ച് 'പ്രവാചകന്മാർ തങ്ങളോട് പറഞ്ഞ ശിക്ഷാ ഭീഷണികൾ കളവാണെന്ന് അവരുടെ സമുദായം കരുതി' എന്നാണാശയം. كُذِّبوا എന്ന പാഠത്തിന്റെ ആശയം 'ധർമധിക്കാരികൾ ശിക്ഷിക്കപ്പെടാൻ വൈകിയപ്പോൾ തങ്ങളിൽ വിശ്വസിച്ച ആളുകളും തങ്ങളെ തള്ളിപ്പറഞ്ഞതുതന്നെ എന്ന് ദൂതന്മാർക്ക് തോന്നി' എന്നും. അത് ദൂതന്മാരുടെ തോന്നലായിരുന്നു. യഥാർഥത്തിൽ വിശ്വാസികൾ അവരെ തള്ളിപ്പറഞ്ഞിരുന്നില്ല.

ഈ സൂക്തത്തെക്കുറിച്ചന്വേഷിച്ച സഹോദരി പുത്രൻ ഉർവയോട് ആഇശ(റ) പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു: "മആദല്ലാഹ്– ദൈവദൂതന്മാർ അവരുടെ നാഥനെക്കുറിച്ച് അങ്ങനെ കരുതിയിട്ടില്ല. ദൈവദൂതന്മാരുടെ നാഥനിൽ വിശ്വസിക്കുകയും ദൂതന്മാരെ സത്യപ്പെടുത്തുകയും ചെയ്ത അനുയായികളാണങ്ങനെ കരുതിയത്. കാലം ദീർഘിക്കുകയും ധിക്കാരികളായവർക്ക് ശിക്ഷ വൈകുകയും തങ്ങളുടെ സമൂഹത്തിൽനിന്ന് നിന്ന് തങ്ങളെ തള്ളിപ്പറഞ്ഞവരുടെ കാര്യത്തിൽ പ്രവാചകന്മാർ നിരാശരാവുകയും ഇനി തങ്ങളെ പിന്തുടർന്നവർ കൂടി തള്ളിപ്പറഞ്ഞേക്കുമോ എന്ന് പ്രവാചകന്മാർക്ക് തോന്നുകയും ചെയ്തപ്പോൾ, ആ സന്ദർഭത്തിലാണ് അവർക്ക്അല്ലാഹുവിന്റെ സഹായമെത്തിയത്". ആഇശ(റ)യുടെ ഈ വ്യാഖ്യാനത്തെക്കുറിച്ച് ഇമാം റാസി പറയുന്നു: "ഈ സൂക്തത്തിന് പറയപ്പെട്ട വ്യാഖ്യാനങ്ങളിൽ ഏറ്റം നല്ലതാണിത്." كُذِبُوا۟ എന്ന പാഠത്തെ ആഇശ(റ) നിരാകരിക്കുകയായിരുന്നു.

ഇബ്നു അബ്ബാസും ഇബ്നുമസ്ഊദും(റ) സ്വീകരിച്ചത് كُذِبُوا۟ എന്ന പാഠമാണ്. ഇബ്നു അബ്ബാസിന്റെ വ്യാഖ്യാനം ഇങ്ങനെ: "തങ്ങളുടെ സമുദായം തങ്ങളുടെ പ്രബോധനം സ്വീകരിക്കുന്ന കാര്യത്തിൽ ദൈവദൂതന്മാർ നിരാശപ്പെടുകയും, ദൈവദൂതന്മാർ തങ്ങളോട് പറഞ്ഞത് കളവാണെന്ന് സമുദായം കരുതുകയും ചെയ്തപ്പോൾ ദൈവദൂതന്മാർക്ക് ദൈവസഹായം വന്നെത്തി." ഇബ്ന് മസ്ഊദ് വ്യാഖ്യാനിച്ചു: "ദൈവദൂതന്മാർ അവരുടെ സമുദായം അവരിൽ വിശ്വസിക്കുന്ന കാര്യത്തിൽ നിരാശപ്പെടുകയും ശിക്ഷാവിധി വൈകിയപ്പോൾ ദൈവദൂതന്മാർ തങ്ങളോട് പറഞ്ഞത് കളവായിരുന്നുവെന്ന് അവരുടെ ജനം കരുതുകയും ചെയ്തപ്പോൾ..." ഇമാം ഇബ്നു കസീറിന്റെയും ഖുർത്വുബിയുടെയും വീക്ഷണത്തിൽ ഇതാണ് ഏറ്റം പ്രചുരമായ വ്യാഖ്യാനം (തഫ്സീർ ഇബ്നു കസീർ വാ 2, പേജ് 497, തഫ്സീർ ഖുർത്വുബി വാ 9, പേജ് 275).

**111:** 'അവരുടെ കഥകൾ' കൊണ്ട് വിവക്ഷ യഅ്ഖൂബ് നബിയുടെയും പുത്രന്മാരുടെയും കഥയാണെന്നാണ് പൊതുവിൽ മനസ്സിലാക്കപ്പെടുന്നത്. ഖുർആൻ പറയുന്ന എല്ലാ കഥകളും വിവക്ഷിതമാണെന്ന് കരുതുന്നതാണ് കൂടുതൽ ഉചിതം. കഥകൾ (قصص) എന്ന ബഹുവചന പ്രയോഗം അതിനെ പിന്തുണക്കുന്നു. ഖുർആൻ പറയുന്ന എല്ലാ കഥകളിൽനിന്നും സൽബുദ്ധിയോടെ ചിന്തിക്കുന്നവർക്ക് മഹത്തായ പാഠങ്ങൾ ഗ്രഹിക്കാം. ചിന്തിക്കാത്തവർക്കും ദുർബുദ്ധിയോടെ ചിന്തിക്കുന്നവർക്കും അത് കേവലം പഴങ്കഥകൾ –أَسَـٰطِيرُ ٱلْأَوَّلِينَ–മാത്രമായിരിക്കും. എന്നാൽ ഈ വേദത്തിലുള്ള സന്ദേശങ്ങൾ മുഹമ്മദ്(സ) കെട്ടിച്ചമച്ചു പറയുന്നതല്ല. അങ്ങനെ കെട്ടിച്ചമക്കാൻ അദ്ദേഹത്തിനാവുകയുമില്ല. കാരണം, അദ്ദേഹം നിരക്ഷരനാണ്. ഒരു വേദവും വായിക്കാനറിയില്ല. വേദവിത്തുകളുടെ ശിഷ്യത്വവും അദ്ദേഹത്തിനില്ല. പക്ഷേ, അദ്ദേഹം അവതരിപ്പിക്കുന്ന വേദ സന്ദേശങ്ങളെല്ലാം പൂർവ വേദ പ്രവചനങ്ങളെ സത്യപ്പെടുത്തുന്നതോ സാക്ഷാത്കരിക്കുന്നതോ ആണ്. ഈ വേദം പൂർവ വേദങ്ങളവതരിപ്പിച്ച അതേ അല്ലാഹുവാണ് മുഹമ്മദി(സ)നെ പഠിപ്പിച്ചത് എന്നതിന്റെ വ്യക്തമായ തെളിവാണിത്. تَصْدِيقَ ٱلَّذِى بَيْنَ يَدَيْهِ എന്ന വാക്യം സൂറ *അൽബഖറ* 89–ാം സൂക്തത്തിലും 101–ാം സൂക്തത്തിലും വന്നിട്ടുള്ള مُصَدِّقٌ لِّمَا مَعَهُمْ എന്നതിന്റെയും *അൽഅൻആം* 92–ാം സൂക്തത്തിൽ വന്ന مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ എന്നതിന്റെയും മറ്റൊരു രൂപമാണ്. പ്രസ്തുത സന്ദർഭങ്ങളിൽ ഈ വാക്കിന്റെ ആശയം ചർച്ച ചെയ്തിട്ടുണ്ട്.

94–ാം സൂക്തത്തിൽ വന്ന فَصَلَയുടെ സകർമക രൂപമായ فَصَّلَ യുടെ ക്രിയാനാമമാണ് تفصِيل. വേർതിരിക്കൽ, വിവൃതമാക്കൽ എന്നർഥം. അവ്യക്തതയില്ലാതെ ആശയം സ്പഷ്ടമാക്കുംവണ്ണം സംസാരിക്കൽ, തർക്കങ്ങളിൽ വിധിപറയൽ, വിശദീകരിക്കൽ എന്നീ പ്രയോഗാർഥങ്ങളുമുണ്ട്. ആശയങ്ങളെല്ലാം അവ്യക്തതയില്ലാതെ സ്പഷ്ടമായും വ്യവഛേദിച്ചും പറയുന്നത് എന്ന അർഥമാണ് تفصِيل كلّ شيئ ന് ചില പണ്ഡിതന്മാർ നൽകിയിട്ടുള്ളത്. സൂക്തങ്ങൾ സ്പഷ്ടമായി വ്യവഛേദിച്ചു വിശദീകരിക്കപ്പെട്ട വേദം(كِتَـٰبٌ فُصِّلَتْ ءَايَـٰتُهُۥ – 41:3) എന്ന് ഖുർആൻ സ്വയം വിശേഷിപ്പിക്കുന്നുണ്ട്. എല്ലാ സംഗതികളും വിശദീകരിക്കുന്നത് എന്നാണ് വേറെ ചിലർ അർഥം കൽപിക്കുന്നത്. അവരിൽ ഒരു വിഭാഗം 'എല്ലാ സംഗതികൾ' കൊണ്ടുദ്ദേശ്യം യൂസുഫ് ചരിത്രത്തിൽ, സൽബുദ്ധിയുള്ളവർക്ക് പാഠമാകുന്ന എല്ലാ സംഗതികളും ആണെന്നും പറയുന്നു. 'മതപരമായ എല്ലാ കാര്യങ്ങളും' എന്നാണ് മറ്റൊരു വിഭാഗത്തിന്റെ വ്യാഖ്യാനം. ഇനിയും ചിലർ ശാസ്ത്രം, സാഹിത്യം, ചരിത്രം തുടങ്ങി ആത്മീയവും ഭൗതികവുമായ സകല കാര്യങ്ങളും ഖുർആനിലുണ്ട് എന്നതിന്റെ പ്രമാണമായി ഈ വാക്യത്തെ പരിഗണിക്കുന്നു. എന്നിട്ട് അത് സ്ഥാപിക്കാൻ പാടുപെടുകയും ചെയ്യുന്നു.

പ്രകൃത സൂക്തത്തിലെ تَفْصِيلَ كُلِّ شَىْءٍ–നെ പ്രപഞ്ച സാകല്യത്തിന്റെ അല്ലെങ്കിൽ സമസ്ത ജീവിതത്തിന്റെ വ്യാഖ്യാനം എന്ന അർഥത്തിലെടുക്കുകയാണെങ്കിൽ അതിൽ അവ്യക്തതയൊന്നും ഉണ്ടാവില്ല. ഖുർആൻ ഒരു പ്രപഞ്ച വ്യാഖ്യാനം അല്ലെങ്കിൽ ജീവിതവ്യാഖ്യാനം ആകുന്നു. പ്രപഞ്ച വ്യാഖ്യാനമെന്നാൽ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനെക്കുറിച്ചുമുള്ള വിവരണമല്ല; മറിച്ച് പ്രപഞ്ചത്തിന്റെ/ജീവിതത്തിന്റെ പൊരുളെന്ത്, അതെങ്ങനെ ഉളവായി, ആര് ഉളവാക്കി, അതിന്റെ പരിണതി എന്ത് എന്നൊക്കെ വിശദീകരിക്കലാണ്. അതാണ് ഖുർആൻ ചെയ്യുന്നതും. ആ വിശദീകരണത്തിൽ നിന്ന് നമുക്ക് നമ്മെ തന്നെയും നമ്മുടെ പരിസരത്തെയും കണ്ടെത്താനുള്ള വെളിച്ചം കിട്ടുന്നു.

അല്ലാമാ മുഹമ്മദ് അബ്ദുവും ഒരു യൂറോപ്യനും തമ്മിൽ നടന്ന ഒരു സംഭാഷണത്തിന്റെ കഥയുണ്ട്. യൂറോപ്യൻ അല്ലാമ മുഹമ്മദ് അബ്ദുവിനോട് ചോദിച്ചു: "ഖുർആൻ സകലമാന കാര്യങ്ങളും വിശദീകരിച്ചിട്ടുള്ള ഗ്രന്ഥമാണെന്നാണല്ലോ നിങ്ങൾ അവകാശപ്പെടുന്നത്." മുഹമ്മദ് അബ്ദു: "അതെ." യൂറോപ്യൻ: "എങ്കിൽ ഒരു പാചകക്കാരൻ ഒരു ദിവസം എത്ര റൊട്ടി ചുടുമെന്ന് ഖുർആനിൽ പറയുന്നുണ്ടോ?" മുഹമ്മദ് അബ്ദു: "ഉണ്ടല്ലോ?" എന്നു മറുപടി പറഞ്ഞുകൊണ്ട് ഒരു പാചകക്കാരനെ വരുത്തി; 'ഒരു ദിവസം എത്ര റൊട്ടിയുണ്ടാക്കാൻ കഴിയുമെന്ന് അയാളോട് ചോദിച്ചു. അയാൾ മറുപടിയും കൊടുത്തു. യൂറോപ്യൻ പറഞ്ഞു: "പാചകക്കാരന്റെ ഉത്തരമല്ല, ഖുർആന്റെ ഉത്തരമാണ് ഞാൻ ചോദിച്ചത്?" മുഹമ്മദ് അബ്ദു: "ഖുർആൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നില്ലേ? فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ" (നിങ്ങൾക്കറിവില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കുവിൻ).

മനുഷ്യൻ അറിയേണ്ടതും അറിയാൻ കഴിയുന്നതുമായ അതീന്ദ്രിയ കാര്യങ്ങളെല്ലാം ഖുർആൻ അറിയിക്കുന്നു. ഇന്ദ്രിയഗോചരമായ ഭൗതിക കാര്യങ്ങളിൽ ചിലത് ഖുർആൻ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. മറ്റുള്ളവ ഇന്ദ്രിയാനുഭവങ്ങളിലൂടെയും അന്വേഷണത്തിലൂടെയും കണ്ടെത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പറഞ്ഞു തരികയും ഓർമിപ്പിക്കുകയും ചെയ്ത അറിവുകൾ, വിജ്ഞാനത്തിന്റെ അനന്ത ചക്രവാളങ്ങളിലേക്ക് പ്രയാണം ചെയ്യാനുള്ള വെളിച്ചവും പ്രോത്സാഹനവുമായി

വർത്തിക്കുന്നു.

സന്മാർഗ ദർശനം-هدى- ആണ് ഖുർആന്റെ മറ്റൊരു വിശേഷണം. ഇത് രണ്ട് തരമുണ്ട്. ഒന്ന്, അസത്യത്തിലും തിന്മയിലും അകപ്പെടാതിരിക്കാനുള്ള കരുതൽ. രണ്ട്, അകപ്പെട്ടുപോയ അസത്യത്തിൽ നിന്നും തിന്മയിൽനിന്നും വീണ്ടെടുക്കപ്പെടാനുള്ള ഉപാധി. ഈ രണ്ടുതരം മാർഗദർശനവും ഉൾക്കൊള്ളുന്നതാണ് ഖുർആൻ.

സ്നേഹം, കാരുണ്യം, അനുഗ്രഹം, ഔദാര്യം, ദാക്ഷിണ്യം തുടങ്ങിയ അർഥങ്ങൾ വഹിക്കുന്ന പദമാണ് رحمة. ഈ അർഥങ്ങളിലെല്ലാം ഖുർആൻ رحمة ആകുന്നു. സ്രഷ്ടാവിന് സൃഷ്ടികളോടുള്ള അപാരമായ സ്നേഹം കൊണ്ടും കാരുണ്യം കൊണ്ടുമാണ് അവൻ സൃഷ്ടികളെ ഖുർആൻ മുഖേന സന്മാർഗദർശനം ചെയ്യുന്നത്. ജീവിതത്തിന്റെ അർഥവും ലക്ഷ്യവും അന്വേഷിക്കുന്നവർക്ക് അല്ലാഹു നൽകുന്ന ഉത്തരമാണ് ഖുർആൻ. ഈ ഉത്തരം ലഭിക്കാത്തവരും സ്വീകരിക്കാത്തവരും അനന്തമായി ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കും. അല്ലെങ്കിൽ തെറ്റായ ഉത്തരങ്ങളിൽ ചെന്നുവീഴുന്നു. ഈ പരിണതിയിൽ നിന്ന് രക്ഷപ്പെടാൻ മനുഷ്യന് അല്ലാഹു ദയാപൂർവം സമ്മാനിച്ച കൈയേടാണ് ഖുർആൻ. മാനസികമായ സംത്രാസം, ദുഃഖം, സംഘർഷം, പിരിമുറുക്കം തുടങ്ങിയ ക്ലേശങ്ങളുടെ വേളകളിൽ ഖുർആൻ പാരായണം അവർണനീയമായ സ്വാസ്ഥ്യവും സമാധാനവും പ്രദാനം ചെയ്യുന്നു. ഇതേക്കുറിച്ച് സൂറ *അൽഇസ്രാഅ്* 82-ാം സൂക്തം പറയുന്നു: وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ (വിശ്വാസികൾക്ക് ശമനദായകവും കാരുണ്യവുമായ ചിലത് നാം ഈ ഖുർആനിൽ അവതരിപ്പിക്കുന്നു). മനുഷ്യബന്ധങ്ങളിൽ സ്നേഹവും കാരുണ്യവും സഹകരണവും അനുശാസിക്കുന്നുവെന്നതാണ് ഖുർആൻ رحمة ആകുന്നതിന്റെ മറ്റൊരു മാനം. സർവോപരി ഖുർആനിലുള്ള വിശ്വാസവും അതിന്റെ അനുശാസനങ്ങളോടുള്ള വിധേയത്വവും പരലോകത്ത് മനുഷ്യനെ അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹത്തിനും കാരുണ്യത്തിനും അർഹനാക്കുന്നു. ഭൗതിക ജീവിതത്തിൽ ലഭിക്കുന്ന എല്ലാ അനുഗ്രഹത്തേക്കാളും എത്രയോ ഉന്നതവും മഹത്തരവുമാണ് പരലോകത്ത് ലഭിക്കുന്ന ദൈവകൃപ.

شفاء-رحمة-هدى തുടങ്ങിയ നേട്ടങ്ങൾ ഖുർആനിൽ നിന്നുണ്ടാവുക അതിൽ ദൃഢമായി വിശ്വസിക്കുന്നവർക്ക് മാത്രമാകുന്നു. അതാണ് لِّقَوْمٍ يُؤْمِنُونَ- വിശ്വസിക്കുന്ന ജനത്തിന് എന്ന് പ്രത്യേകം എടുത്തു പറഞ്ഞത്. *അൽബഖറ* 2-ാം സൂക്തത്തിൽ ഭക്തജനങ്ങൾക്ക് സന്മാർഗദർശകമായിട്ടുള്ളത്-هُدًى لِّلْمُتَّقِينَ എന്ന് ഖുർആനെ പരിചയപ്പെടുത്തുന്നതും ഈ അർഥത്തിലാണ്. കൗതുകത്തിനു വേണ്ടിയോ വിമർശനത്തിനു വേണ്ടിയോ ഖുർആൻ വായിക്കുന്ന നിഷേധികൾക്കും കപടന്മാർക്കും ഈ പ്രയോജനങ്ങളൊന്നും ലഭിക്കുന്നില്ല. അവരുടെ ധർമവിരോധം വർധിക്കാനേ അത് ഉപകരിക്കൂ. ഖുർആൻ പറയുന്നു: يُضِلُّ بِهِۦ كَثِيرًا وَيَهْدِى بِهِۦ كَثِيرًا (അത് (ഖുർആൻ) വഴി നിരവധിയാളുകൾ വഴിപ്പിഴക്കുകയും നിരവധിയാളുകൾ സന്മാർഗം പ്രാപിക്കുകയും ചെയ്യുന്നു-2:26). വിശ്വാസത്തോടും ദൈവഭക്തിയോടും കൂടി ഖുർആനെ സമീപിക്കുന്നവരാണ് സന്മാർഗം പ്രാപിക്കുന്നത്. അതില്ലാതെ സമീപിക്കുന്നവർ വഴിപിഴക്കുന്നു. മറ്റൊരിടത്ത് പ്രസ്താവിച്ചു: وَلَا يَزِيدُ ٱلظَّـٰلِمِينَ إِلَّا خَسَارًا (ഇത്- ഖുർആൻ- ധർമ ധിക്കാരികൾക്ക് നഷ്ടമല്ലാതൊന്നും വളർത്തുകയില്ല- 17:82). ■

*അല്ലാഹുവിന്റെ കൃപയാൽ സൂറഃ യൂസുഫിന്റെ ബോധനം ഇവിടെ സമാപിക്കുന്നു.*